<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496</u> <u>23-02-2022 - ൽ മറുപടിയ്ക്ക്</u>

<u>ഉഴവൂർ ബൈപ്പാസ് നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ നീക്കിവച്ച് നിർമ്മാണത്തിന് തുടക്കം കുറിക്കുമെന്ന് പ്രഖ്യാപിച്ച ഉഴവൂർ ബൈപ്പാസ് പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | **കോട്ടയം ജില്ലയിലെ ഉഴവൂർ ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി G.O(Rt)No.1324/2016/PWD dated 27.09.2016 പ്രകാരം ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ -യെ എസ്.പി.വി ആയി ചുമതലപ്പെടുത്തുകയും ചെയ്തു. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കിറ്റ്കോ മുഖേന വിശദമായി പദ്ധതി രേഖ തയ്യാറാക്കി 25/01/2018 ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് വളരെ കുറവായതിനാൽ പദ്ധതി കിഫ്ബി നിരാകരിച്ചിരുന്നു. പിന്നീട് ബഹു എം.എൽ .എ ശ്രീ.മോൻസ് ജോസഫ് പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ട്രാഫിക് സർവ്വെ നടത്താൻ കിഫ്ബി** ആവശ്യപ്പെട്ടു. തുടർന്ന് കോവിഡ് 19 വ്യാപനത്തിന്റെ കാലഘട്ടമായതു കൊണ്ട് കോവിഡ് സാഹചര്യങ്ങൾ **മാറിയ മുറയ്ക്ക് ട്രാഫിക് സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് സർവ്വെ റിപ്പോർട്ട് പ്രകാരം രണ്ട് വരിപാതയ്ക്കുള്ള നിശ്ചിത traffic capacity ഇല്ലാത്തതിനാൽ ടി പദ്ധതിയുമായി നിലവിൽ മുന്നോട്ട് പോകുവാൻ സാധ്യമല്ല എന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.** |
| (ബി) | ഡോ. കെ. ആർ. നാരായണൻ ജന്മശതാബ്ദി വർഷാചരണം പ്രമാണിച്ച് ഉഴവൂർ ബൈപ്പാസിന് കിഫ്ബി അംഗീകാരം നൽകി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | RBDCK സമർപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം രണ്ട് വരിപ്പാതയ്ക്കുള്ള നിശ്ചിത ട്രാഫിക് കപ്പാസിറ്റി ഇല്ലാത്തതിനാൽ ടീ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധ്യമല്ല എന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. |
| (സി) | റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ സർവ്വേ നടത്തി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും ഡി.പി.ആർ. ഉം തയ്യാറാക്കി കിഫ്ബിക്ക് | (സി) | **ഉഴവൂർ ബൈപ്പാസ് നിർമ്മാണത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി ആയ RBDCK ട്രാഫിക് സർവ്വെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ട്രാഫിക്** |

| | | | |
|---|---|---|---|
| | സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ? | | **സർവ്വെ റിപ്പോർട്ട് പ്രകാരം രണ്ട് വരിപാതയ്ക്കുള്ള നിശ്ചിത traffic capacity ഇല്ലാത്തതിനാൽ ടി പദ്ധതിയുമായി നിലവിൽ മുന്നോട്ട് പോകുവാൻ സാധ്യമല്ല എന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ